**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **27-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ജിയോ ടെക്സ്റ്റയിൽസ് ഹബ്ബാക്കി മാറ്റാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പരമ്പരാഗത കയർ വ്യവസായ മേഖലയിൽ ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഉല്പന്ന വൈവിധ്യവത്ക്കരണത്തിന് ഊന്നൽ നൽകുന്ന എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ; | (എ) | പരമ്പരാഗത കയറുല്പന്നങ്ങൾക്ക് പുറമെ മൂല്യവർദ്ധിത ഉല്പന്നങ്ങളായി കോക്കോ പോട്ട്, കയർപിത്ത് കമ്പോസ്റ്റ്, ഇനോക്കുലേറ്റഡ് പിത്ത് എന്നിവയുടെ ഉല്പാദനം കയർഫെഡ് വഴി നടത്തുന്നുണ്ട്. കയർ ഉല്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡിന്റെ വിവിധ യൂണിറ്റുകളിൽ ആധുനിക യന്ത്രങ്ങൾ സ്ഥാപിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്ത് വരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് ഉല്പന്ന വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി ചകിരിനാരുകൾ കൊണ്ട് നിർമ്മിക്കുന്ന നൂതന ഉല്പന്നമായ കയർ കമ്പോസിറ്റ് ബോർഡുകൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നുണ്ട്.<br><br>സംസ്ഥാന സർക്കാർ നിയന്ത്രണത്തിലുള്ള കയർ ഗവേഷണ സ്ഥാപനമായ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ.സി.ആർ.എം.ഐ) ചകിരിച്ചോറിൽ നിന്നും വികസിപ്പിച്ചെടുത്ത നൂതന പ്രകൃതിദത്ത ഉൽപ്പന്നമാണ് PEAT KOL DOTS. ചകിരിച്ചോറിനെ ഉയർന്ന താപത്തിലും മർദ്ദത്തിലും അതിലെ ജലാംശം പൂർണ്ണമായി നീക്കിയാണ് ഇത് ഉല്പാദിപ്പിക്കുന്നത്. ഉയർന്ന ചൂട് പ്രദാനം ചെയ്യുന്നതിനാൽ ബാർബിക്യൂ, ഗ്രില്ലിംഗ്, സുഗന്ധദ്രവ്യങ്ങൾ പുകയ്ക്കാൻ എന്നിവയ്ക്ക് ഇത് ഉപയോഗിക്കുന്നു. മറ്റൊരു നൂതന ഉത്പന്നമായ ഇ-കയർ ബാഗുകൾ പ്ലാസ്റ്റിക് ഗ്രോബാഗുകളെക്കാൾ ഗുണമേന്മയുള്ളതാണ്. |
| (ബി) | ഉണക്കത്തൊണ്ടിന്റെയും ചകിരിച്ചോറിന്റെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ കയർ വ്യവസായ | (ബി) | ചകിരിച്ചോറും ഉണക്കതൊണ്ടിൽ നിന്നുള്ള പൊടി ചകിരിയും ഉപയോഗിച്ച് കയർപിത്ത് കമ്പോസിറ്റ് |

| | | | |
|---|---|---|---|
| | മേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് ഇടയാക്കുമെന്ന വസ്തുത കണക്കിലെടുത്ത് ഈ മേഖലയിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | എൻ.സി.ആർ.എം.ഐ വികസിപ്പിച്ചിട്ടുണ്ട്. ചകിരിച്ചോറും മറ്റ് ജൈവവളങ്ങളും ചേർത്ത് നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നമായി 'ഫോമിൽഫെർട്ട്' ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് നിർമ്മിച്ച് വില്പന നടത്തുന്നുണ്ട്. കൊക്കോഫെർട്ട്, ഇനോക്കുലേറ്റഡ് പിത്ത് എന്നിവ കയർഫെഡ് വഴി വിപണനം നടത്തുന്നുണ്ട്. |
| (സി) | കയർ കമ്പോസിറ്റുകളും കൃത്രിമ രാസവസ്തുക്കൾ ഒന്നും ഉപയോഗിക്കാതെ നിർമ്മിക്കുന്ന ബോർഡുകളും വലിയ തോതിലുള്ള ഉല്പാദന-വിപണന സാധ്യതയുമുള്ളവയാണെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | വിലയിരുത്തിയിട്ടുണ്ട്. ചകിരിനാരുകൾ കൊണ്ട് നിർമ്മിക്കുന്ന നൂതന ഉല്പന്നമായ കയർ കമ്പോസിറ്റ് ബോർഡുകൾ നിർമ്മിക്കുന്ന ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്–ന്റെ യൂണിറ്റ് പ്രവർത്തനക്ഷമമായിട്ടുണ്ട്. ടി യൂണിറ്റിൽ നിന്നും ആലപ്പുഴ പൈതൃക പദ്ധതിയുടെ ഭാഗമായി നിർമ്മിക്കുന്ന കയർ മ്യൂസിയത്തിലേയ്ക്ക് 18 ലക്ഷത്തോളം രൂപയുടെ കയർ കമ്പോസിറ്റ് ബോർഡുകളും ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂളുകൾക്കും 25 ലക്ഷം രൂപയുടെ ബഞ്ചുകളും ഡെസ്കുകളും നിർമ്മിച്ച് നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ ജിയോ ടെക്സ്റ്റയിൽസ് ഹബ്ബാക്കി മാറ്റുവാനുള്ള ഇടപെടൽ ഉണ്ടാകുമോ; വിശദമാക്കുമോ? | (ഡി) | കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് കയർ ഭൂവസ്ത്ര വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലേയ്ക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളിൽ മണ്ണൊലിപ്പ് തടയുന്നതിനും പാടശേഖരങ്ങളുടെയും മറ്റും പുറം ബണ്ടുകൾ ബലപ്പെടുത്തുന്നതിനും തോട്, നദീസംരക്ഷണത്തിനുമായി കേരളത്തിലെ എല്ലാ ജില്ലകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കേരള സംസ്ഥാന കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കയർ ഭൂവസ്ത്രം വിതരണം നടത്തി വരുന്നുണ്ട്. കയർ ഭൂവസ്ത്രം ഉപയോഗിച്ച് നദീതടങ്ങൾ സംരക്ഷിക്കുന്നത് വ്യാപകമാക്കുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | കണ്ണൂർ ജില്ലാ പഞ്ചായത്തും മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടത്തുന്ന 'നഗര സഞ്ചയ പദ്ധതി'-യുടെ ഭാഗമായി അഞ്ചരക്കണ്ടിപ്പുഴയുടെ തീരം കയർ ഭൂവസ്ത്രം ഉപയോഗിച്ച് സുസ്ഥിരപ്പെടുത്തുന്നതിനുള്ള 40 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന് കയർഫെഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളുടെ മണ്ണ്-ജല സംരക്ഷണ പ്രവർത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ച്, ടി സംസ്ഥാനങ്ങളുടെ ഡൽഹിയിലുള്ള റസിഡന്റ് കമ്മീഷണർമാരുമായി മൂന്ന് തവണ ചർച്ചകൾ നടത്തുകയും തുടർ പ്രവർത്തനങ്ങൾ നടന്നു വരുകയും ചെയ്യുന്നു. ഇതിന്റെ ഭാഗമായി വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ സർക്കാർ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു വിപുലമായ സെമിനാർ 2023 ഏപ്രിൽ മാസത്തിൽ നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ